ഉത്തരം

(എ) ഉണ്ട്.

(ബി) കെ. റ്റി. സി. എസ്റ്റേറ്റിൽ കുഴൽകിണർ സ്രോതസ്സായുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൈപ്പ്‌ലൈൻ നീട്ടി നെല്ലിക്കാപൊയിൽ ഭാഗത്ത് കൂടുതൽ ശുദ്ധജലം എത്തിക്കുവാൻ വേണ്ടിയുള്ള പദ്ധതിക്ക് എൻ. സി./ പി. സി. യിൽപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആറ് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണം

88 [1025] *ശ്രീ. ബിനോയ് വിശ്വം:*
" *എം. കുഞ്ഞാപ്പ:*
" *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലനിധിയും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുണ്ട്;

(ബി) ഇതിൽ പുനരുദ്ധാരണത്തിനായി എത്ര പദ്ധതികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ജോലികൾക്കായി സഹകാര്യ കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മുഖേന 1728 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ജലനിധി പദ്ധതിയിൻകീഴിൽ 1384 ശുദ്ധജല വിതരണ പദ്ധതികളും കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന സെക്ടർ റിഫോംസ്-സുജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി 230 ശുദ്ധജല വിതരണ പദ്ധതികളും കാസർഗോഡ് ജില്ലാപഞ്ചായത്ത് മുഖേന സെക്ടർ റിഫോംസ്-സുജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി 279 ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതും ഇനി കൈമാറാനുള്ളതുമായ കേരള വാട്ടർ അതോറിറ്റിയുടെ 1061 ഏകപഞ്ചായത്ത് സ്കീമുകൾ പുനരുദ്ധാരണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. 140 കേരള വാട്ടർ അതോറിറ്റി പദ്ധതികളും 192 പഞ്ചായത്ത് പദ്ധതികളും ഇതുവരെ പുനരുദ്ധാരണത്തിനായി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സെക്ടർ റിഫോംസ് പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട 2 പദ്ധതികൾ പുനരുദ്ധീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറ്റം ചെയ്യുകയും മറ്റ് 2 പദ്ധതികൾ സ്വജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി/ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ പുനരുദ്ധാരണത്തിനായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സെക്ടർ റിഫോംസ് പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയ 2 പദ്ധതികൾക്കുംകൂടി 9,01,101 രൂപ ചെലവഴിക്കുകയും സ്വജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി ഏറ്റെടുത്തിട്ടുള്ള 2 പദ്ധതികൾക്കുംകൂടി 15,85,500 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ കൺസൾട്ടൻസികളെ നിയോഗിച്ചിട്ടില്ല.

ചേർപ്പ് നിയോജകമണ്ഡലത്തിലെ പാറളം ശുദ്ധജല പദ്ധതി

89 [1026] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ പാറളം ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിലുണ്ട്; ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(സി) ഹൈക്കോടതിയിൽ ഇപ്പോൾ നിലവിലുള്ള കേസുകൾമൂലം ഏതെങ്കിലും പദ്ധതികളുടെ നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ;

(ഡി) പമ്പിംഗ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ടോ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാറളം ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പമ്പിംഗ് മെയിൻ ഒഴികെയുള്ള എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ കേസുകളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly